മുനിസിപ്പൽ കോമൺ സർവ്വീസിലെ വിഷയങ്ങളുമായി ബന്ധപ്പെട്ട് നടന്ന മീറ്റിംഗിന്റെ മിനിട്ട്സാണ് 66517/Dev.3/2013 നമ്പർ പ്രകാരം ധനവകുപ്പിന് ലഭിച്ചിട്ടുള്ളത്.

(ബി) കണക്കാക്കിയിട്ടുണ്ട്. മുനിസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാരെ സർക്കാർ ജീവനക്കാരാക്കിയാൽ പ്രതിവർഷം 210 കോടി രൂപ സർക്കാരിന് അധിക ബാധ്യതയുണ്ടാകും. എന്നാൽ നഗരസഭകൾക്കും കോർപ്പറേഷനുകൾക്കും നിലവിൽ സർക്കാർ നൽകുന്ന ജനറൽ പർപ്പസ് ഫണ്ടിൽനിന്നും ഈ തുക തട്ടിക്കിഴിച്ചാൽ സർക്കാരിന് 5.32 കോടി രൂപയുടെ അധിക ബാധ്യതയാണ് ഉണ്ടാകുന്നത്. 2013-14 വർഷത്തിൽ ജനറൽ പർപ്പസ് ഫണ്ടായി കോർപ്പറേഷനുകൾക്കും നഗരസഭകൾക്കുമായി അനുവദിച്ചത് 204.68 കോടി രൂപയാണ്.

പുതിയ കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും രൂപീകരിക്കുന്നതിന് മാനദണ്ഡങ്ങൾ

132 (1568) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുതിയ കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും രൂപീകരിക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 4 (2) (എഫ്) പ്രകാരം ഒരു ഗ്രാമപഞ്ചായത്തിനെ ടൗൺ പഞ്ചായത്തായോ മുനിസിപ്പൽ കൗൺസിലായോ പരിവർത്തനം ചെയ്യാനുള്ള അധികാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാണ്. ഇപ്രകാരം സംസ്ഥാനത്തെ നഗരസ്വഭാവം ആർജിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തുകളെ മുനിസിപ്പാലിറ്റിയാക്കാവുന്നതും മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവയോട് ചേർന്ന് കിടക്കുന്ന ഗ്രാമപഞ്ചായത്തുകളെ അവയോട് കൂട്ടിച്ചേർക്കാവുന്നതുമാണ്. ഭരണഘടനയുടെ 243 കൃ അനുച്ഛേദം (2) ഖണ്ഡപ്രകാരം ഒരു സ്ഥലത്തിന്റെ ജനസംഖ്യ, ജനസാന്ദ്രത, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള വരുമാനം, കാർഷികേതര മേഖലയിലുള്ള തൊഴിൽ ശതമാനം, സാമ്പത്തിക പ്രാധാന്യമുള്ള ഘടകങ്ങൾ എന്നിവയാണ് മുനിസിപ്പാലിറ്റികൾ രൂപീകരിക്കുന്നതിനുള്ള മാനദണ്ഡം

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കൊല്ലം വികസന അതോറിറ്റി

133 (1569) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം വികസന അതോറിറ്റിയുടെ പ്രവർത്തനം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ;

(ബി) കൊല്ലം വികസന അതോറിറ്റി സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ, പ്രോജക്ടുകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതികൾക്ക് അംഗീകാരം നല്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതികൾക്ക് തുക അനുവദിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ഇ) പ്രസ്തുത പദ്ധതികൾക്ക് 2014-15 സാമ്പത്തികവർഷം അനുവദിച്ച തുക സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) 3-4-2013-ലെ സർക്കാർ ഉത്തരവ് G.O (M.S) No. 142/2013/LSGD പ്രകാരം പുനഃസ്ഥാപിക്കപ്പെട്ട കൊല്ലം വികസന അതോറിറ്റിയുടെ ആസ്തി ബാധ്യതകൾ കൊല്ലം കോർപ്പറേഷനിൽ നിന്നും കൈമാറി വരികയാണ്. കൊല്ലം വികസന അതോറിറ്റിയുടെ ആണ്ടാമുക്കത്തെ, ചിന്നക്കടയോട് ചേർന്നുള്ള വസ്തുവിൽ ഈ സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടായ 5 കോടി രൂപ ചെലവാക്കി ഒരു വ്യാപാര സമുച്ചയം ആരംഭിക്കുന്നതിനു കിറ്റ്കോ-യെ ചുമതലപ്പെടുത്തുകയും പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരികയുമാണ്. കൂടാതെ വ്യാപാര ഓഫീസ്, വിപണന സമുച്ചയവും മൾട്ടിപ്ലക്സ് കൺവെൻഷൻ സെന്ററും ചെറുകിട വ്യവസായ സംരംഭവും പ്രദർശനവും-താമരക്കുളം പ്രോജക്ട് PPP മോഡൽ പദ്ധതിയായ Partner Kerala Mission-ന്റെ ആഭിമുഖ്യത്തിൽ കേരളത്തിലെ ആദ്യത്തെ 4 പ്രോജക്ടുകളിൽ ഉൾപ്പെടുത്തിയുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) 2014-15-ൽ താഴെപ്പറയുന്ന പ്രോജക്ടുകളാണ് അനുമതിക്കായി സമർപ്പിച്ചിരുന്നത് :